**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4000** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ കീഴിലെ സഹായ ഗ്രൂപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ പതിനെട്ട് മുതൽ നാൽപത് വയസ്സുവരെയുള്ള യുവതികൾ അംഗങ്ങളായ ഓക്സിലറി (സഹായ) ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്, യുവതികളുടെ പ്രാതിനിധ്യം കുടുംബശ്രീയിൽ ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വാർഡുതലങ്ങളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനായി 02/10/2021 തീയതിയിലെ സ.ഉ. (സാധാ) നം. 1894/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പദ്ധതിരേഖയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശ ങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജില്ലകൾക്ക് നൽകുകയും, ഓക്സിലറി ഗ്രൂപ്പിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണം കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പുതുതായി 18 മുതൽ 40 വയസ്സുവരെയുള്ള യുവതികളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഗ്രൂപ്പുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു:- * സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു. *സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക * സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക. * അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും |

| | | | |
|---|---|---|---|
| | | | വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. * വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക. * സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക. * സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്ത് തലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക. * ഗ്രൂപ്പുകളിൽ നിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക. |

സെക്ഷൻ ഓഫീസർ